ഭരണഭാഷ – മാതൃഭാഷ

**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,**

**സിവിൽ സ്റ്റേഷൻ, കൊല്ലം**

**പിൻ – 691013. ഫോൺ : 0474 2794961**

**ഇ-മെയിൽ : ddpklm@gmail.com**

നം.ഡി1–2202/2011(1) തീയതി:26.10.2018

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം : പഞ്ചായത്ത് വകുപ്പ് – ഭരണജാഗ്രത – കൊട്ടാരക്കര പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ് പ്യൂൺ – ശ്രീ.സാജു ഉമ്മന്റെ അനധികൃത ഹാജരില്ലായ്മ – അച്ചടക്കനടപടി – സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുന്നു.

പരാമർശം:1.പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 03.03.2011–ലെ പിഎ1–1044/2010(2) നമ്പർ കത്ത്.

2. ഈ ആഫീസിലെ 24.06.2011–ലെ ഇതേ നമ്പർ ഉത്തരവ്.
3. ശ്രീ.സാജു ഉമ്മനെതിരായി ഈ ആഫീസിൽ നിന്നും ഇതേ നമ്പരായി 06.08.2011–ൽ പുറപ്പെടുവിച്ച കുറ്റാരോപണ മെമ്മോ.
4. ഈ ആഫീസിലെ 18.10.2011–ലെ ഇതേ നമ്പർ ഉത്തരവ്.
5. പെർഫോർമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസറുടെ 18.02.2012–ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
6. ശ്രീ.സാജു ഉമ്മന്റെ 10.02.2012–ലെ കത്ത്.
7. ഈ ആഫിസിലെ 03.03.2012–ലെ ഇതേ നമ്പർ ഉത്തരവ്.
8. ഈ ആഫീസിലെ 13.08.2018–ലെ ഇതേ നമ്പർ കത്ത്.
9. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിന്റെ 05.09.2018–ലെ എഫ്2/312/2018/ഐ&പിആർഡി നമ്പർ റിലീസ് ഓർഡർ.

കൊട്ടാരക്കര പെർഫോർമൻസ് ആഡിറ്റ് യൂണിറ്റിലെ പ്യൂൺ ശ്രീ.സാജു ഉമ്മന് സൂചന ഉത്തരവ് പ്രകാരം 06.11.2010 മുതൽ 30.01.2011 വരെ 87 ദിവസക്കാലയളവിലേക്ക് ശൂന്യവേതന അവധി അനുവദിച്ചിട്ടുള്ളതായും 01.02.2011–ൽ ജോലിയിൽ പ്രവേശിക്കേണ്ട ശ്രീ.സാജു ഉമ്മൻ തുടർന്ന് ജോലിക്ക് ഹാജരായിട്ടില്ലെന്ന് പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ടിയാളെ പരാമർശം (2) പ്രകാരം ടിയാൾ അനധികൃതമായി ആഫീസിൽ ഹാജരാകാത്ത 01.02.2011 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനുശേഷം പരാമർശം (3) പ്രകാരം ശ്രീ.സാജു ഉമ്മനെതിരെ കുറ്റാരോപണ പുറപ്പെടുവിച്ച അച്ചടക്കനടപടി ആരംഭിച്ചിട്ടുള്ളതും ടി കുറ്റാരോപണ മെമ്മോ ടിയാളുടെ സ്ഥിരമേൽവിലാസത്തിൽ അയച്ചുനൽകിയെങ്കിലും ടിയാൻ 'ഇന്ത്യ വിട്ടു' എന്ന കുറിപ്പോടെ മടങ്ങിവന്നിട്ടുള്ളതായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് പരാമർശം (4) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് കൊട്ടാരക്കര പെർഫോർമൻസ് ആഡിറ്റ് യൂണിറ്റിലെ ആഡിറ്റ്

സൂപ്പർവൈസർ ശ്രീ.ഗോപകുമാറിനെ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതും പരാമർശം (5) പ്രകാരം ടിയാൻ ഔപചാരിക അന്വേഷണറിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത അന്വേഷണത്തിൽ ശ്രീ.സാജു ഉമ്മൻ നേരിട്ട് ഹാജരായി സത്യവാങ്മൂലം സമർപ്പിച്ചതായും ടിയാൾ ലണ്ടനിൽ നിന്നും രണ്ടുവർഷത്തെ അവധി അപേക്ഷ അയച്ചിരുന്നു എന്നും അവധി അനുവദിച്ചിട്ടുണ്ടെന്ന ധാരണയിൽ ഇതേപ്പറ്റി അന്വേഷിക്കാതിരുന്നെന്നും നാട്ടിൽ 13.02.2012-ൽ എത്തിയ ശേഷമാണ് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത വിവരം അറിയുന്നതെന്നും സർവ്വീസിൽ പുന:പ്രവേശിപ്പിക്കണമെന്നും ടിയാൾ അപേക്ഷിച്ചിട്ടുണ്ട്. അനുമതി കൂടാതെ വിദേശത്ത് പോയതിനും അനധികൃതമായി ജോലിക്ക് ഹാജരാകാതെയിരുന്നതിനും ടിയാൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ.സാജു ഉമ്മന്റെ ഔപചാരിക അന്വേഷണവേളയിൽ സമർപ്പിച്ച പരാമർശം (6) പ്രകാരമുള്ള ശ്രീ.സാജു ഉമ്മന്റെ കത്തും പരിഗണിച്ച് പരാമർശം 7 പ്രകാരം ശ്രീ.സാജു ഉമ്മനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും എന്നാൽ ടിയാൾ നാളിതുവരെ സർവ്വീസിൽ പ്രവേശിച്ചിട്ടില്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ ശ്രീ.സാജു ഉമ്മനെതിരായ കുറ്റാരോപണ മെമ്മോ വീണ്ടും ടിയാൾക്ക് അയച്ചുനൽകിയെങ്കിലും ആയത് ടിയാൾ വിദേശത്താണ് എന്ന കുറിപ്പോടെ മടങ്ങി വന്നിട്ടുള്ളതാണ്. പരാമർശം (7) പ്രകാരം കുറ്റാരോപണ മെമ്മോയും എച്ച്4 ഫോമും 2 ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി ബഹു: ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റിന് അയച്ചുനൽകുകയും ആയത് മാധ്യമം, ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് റിലീസ് ഓർഡർ നൽകിയിട്ടുള്ളതും ആയത് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കുറ്റാരോപണ മെമ്മോയും എച്ച്4 ഫോമും വകുപ്പുത വെബ്സൈറ്റിൽ പ്രസിദ്ധികരിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീ.സാജു ഉമ്മൻ നാളിതുവരെയും ആയതിനെതിരെ എതിർവാദവിവരപത്രിക ഫയൽ ചെയ്തിട്ടില്ലാത്തതാണ്.

മേൽ വിവരമിച്ച സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം II(i)(vii) പ്രകാരം കൊട്ടാരക്കര പെർഫോർമൻസ് ആഡിറ്റ് യൂണിറ്റിലെ പ്യൂണായ ശ്രീ.സാജു ഉമ്മനെ, ടിയാൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന 01.02.2011 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ടി താൽലക്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് കാരണം

എന്തെങ്കിലുമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം അപ്രകാരമുള്ള വിശദീകരണം ഒന്നും ലഭ്യമാകാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതാണ്.

(ഒപ്പ്)

എൻ.മനുഭായ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം

ശ്രീ.സാജു ഉമ്മൻ,
S/o ശ്രീ.ഉമ്മൻ വർഗീസ്,
പ്ലാവിള പുത്തൻവീട്,
കല്ലുംകടവ്, പത്തനാപുരം.

പകർപ്പ് :1. ബഹു: പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (ആമുഖകത്ത് സഹിതം)
2. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കൊല്ലം
3. സീനിയർ സൂപ്രണ്ട്, പിഎയു 2, കൊട്ടാരക്കര
4. കരുതൽ / അധികം

ഭരണഭാഷ – മാതൃഭാഷ

# പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,

സിവിൽ സ്റ്റേഷൻ, കൊല്ലം
പിൻ – 691013. ഫോൺ : 0474 2794961
ഇ-മെയിൽ : ddpklm@gmail.com

## അപ്പൻഡിക്സ് – എച്ച് 5

നം: ഡി1–2202/2011(2) തീയതി: 26.10.2018

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കൊല്ലം.

01.02.2011 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്ത കൊട്ടാരക്കര പെർഫോർമൻസ് ആഡിറ്റ് യൂണിറ്റിലെ പ്യൂൺ ശ്രീ.സാജു ഉമ്മന് എതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം ആവശ്യപ്പെട്ട വിശദീകരണം രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

വിശദവിവരങ്ങൾക്കായി www.http://dop.lsgkeralagov.in/m1/ddp/Kollam കാണുക

എസ്.